(ബി) ദുർബല വിഭാഗങ്ങളുടേയും കർഷകരുടേയും ക്ഷേമത്തിനായുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്:

പൊതുവിഭാഗം:

1.	ഗോഡൗൺ നിർമ്മാണം	..	16.76	കോടി രൂപ
2.	ഓയിൽ പ്രോസസ്സിംഗ്	..	74.25	,,
3.	റബ്ബർ-പഴം-പച്ചക്കറി സംസ്കരണം	..	36.42	,,
4.	ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ (വളം, കീടനാശിനി വിതരണം)	..	9.78	,,
5.	പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം	..	2.27	,,

സംയോജിത സഹകരണ വികസന പദ്ധതി:

6.	കൃഷി	..	38.65	,,
7.	വനിതാ സഹകരണ സംഘങ്ങൾ	..	0.38	,,
8.	പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം	..	0.46	,,
	ആകെ	..	178.97	,,

വ്യവസായരംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടുകൾ

* 22 [834] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:
,, മഞ്ഞളാംകുഴി അലി:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ രംഗത്ത് നിക്ഷേപം ആകർഷിക്കുന്നതിന് പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂഷനുകൾ ഏതൊക്കെയാണ്;

(ബി) അവയുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) അവ ഓരോന്നും ഏതെല്ലാം നിലയിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ സംഘടിപ്പിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; മുൻവർഷവും തന്നാണ്ടിലും ബഡ്ജറ്റിൽ ഈ ഏജൻസികൾക്ക് അധികമായി വകയിരുത്തിയ തുക എത്ര; ഇതിനകം എന്ത് തുക ചെലവഴിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനഫലമായി ഗ്രാമീണ ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ രണ്ടു വർഷമായി പുതുതായി എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗ്രാമീണ ചെറുകിട വ്യവസായ മേഖലയിലെ വ്യവസായ യൂണിറ്റുകളിൽ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ പ്രവർത്തനരഹിതമായിരുന്നവ എത്ര ശതമാനമാണ്; സെക്ടർ തിരിച്ച് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) താഴെപ്പറയുന്ന സ്ഥാപനങ്ങളാണ് പ്രധാനമായും പ്രമോഷണൽ ഏജൻസികളായി പ്രവർത്തിക്കുന്നത്:

1. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ. എസ്. ഐ. ഡി. സി.)
2. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര)
3. കേരളാ ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (സിഡ്കോ)
4. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ. എഫ്. സി.)
5. ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ. ബി. പി.)

(ബി) ഉണ്ട്.

(സി) ഓരോ ഏജൻസിയുടെ പ്രവർത്തനത്തെപ്പറ്റിയുള്ള വിശദീകരണം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

പ്രസ്തുത ഏജൻസികൾക്ക് 2002-2003-ലും 2003-2004-ലും വകയിരുത്തിയിട്ടുള്ള തുകയുടെ കണക്ക് അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.†

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെറുകിട വ്യവസായ മേഖലയിൽ 31315 ചെറുകിട വ്യവസായ യൂണിറ്റുകൾ വ്യവസായ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ചെറുകിട വ്യവസായ മേഖലയിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ 1184 യൂണിറ്റുകൾ പീഡിതമായി കണ്ടെത്തിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly